**<u>അടിയന്തരം</u>**

**<u>"ഭരണഭാഷ-മാതൃഭാഷ"</u>**

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണവകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാംനില
പബ്ലിക ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം -33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website : www.celsgd.kerala.gov.in

നം. ഇ2/14492/2019/എൽ.പി.എസ്/സിഇ/തസ്വഭവ — തീയതി: 21/11/2019

**<u>പരിപത്രം</u>**

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് – സാങ്കേതിക വിഭാഗം – കേരളാ സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ - വെബ്സൈറ്റിൽ വിവരങ്ങൾ ശേഖരിക്കുന്നത് – സംബന്ധിച്ച്

സൂചന:-
1. 11/10/2019 ൽ ഇ-മെയിൽ മുഖാന്തരം ഈ കാര്യാലയത്തിൽ ലഭ്യമായ സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ 24/05/2016 ലെ 811/82/2011/കെ.എസ്.സി.ബി.സി നമ്പർ കത്ത്
2. 18/11/2019 ലെ 67/എഫ്.എം.2/2019/തസ്വഭവ നമ്പർ സർക്കാർ കത്ത്

********

ബഹു. ചീഫ് സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം കേരളാ സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ (കെ.എസ്.സി.ബി.സി) വെബ്സൈറ്റിൽ, ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥിരം ജീവനക്കാരുടെയും, വ്യക്തിഗത വിവരങ്ങൾ അപ് ലോഡ് ചെയ്യാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ആയതിനായി ഈ വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളിലും (ഗ്രാമ പഞ്ചായത്തുകൾ ഒഴികെ) ഓരോ ജീവനക്കാരനെ/ജീവനക്കാരിയെ ടി വിവരങ്ങൾ അപ് ലോഡ് ചെയ്യാൻ ചുമതലപ്പെടുത്തേണ്ടതാണ്. ഇങ്ങനെ ചുമതലപ്പെടുത്തിയ വ്യക്തിയെ 'ഡിപ്പാർട്ട്മെന്റ് യൂസർ' എന്ന പേരിൽ കെ.എസ്.സി.ബി.സി വെബ്സൈറ്റിൽ ചേർക്കേണ്ടതുണ്ട്. എന്നാൽ മാത്രമേ ഓരോ കാര്യാലയത്തിനും കെ.എസ്.സി.ബി.സി വെബ്സൈറ്റിൽ ലോഗിൻ ചെയ്യാനുള്ള യൂസർ നെയിം/പാസ് വേർഡ് ലഭ്യമാവുകയും, അതുപയോഗിച്ച് അതാത് കാര്യാലയങ്ങളിലെ വിവരങ്ങൾ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യാനും സാധിക്കുകയുള്ളൂ. ഇതിനായി ഓരോ കാര്യാലയങ്ങളിലും മേൽ പറഞ്ഞ രീതിയിൽ 'ഡിപ്പാർട്ട്മെന്റ്

യൂസർ' ആയി ചുമതലയേൽപ്പിക്കാവുന്ന ഒരു ജീവനക്കാരന്റെ/ജീവനക്കാരിയുടെ പേര്, തസ്തിക, മൊബൈൽ നമ്പർ, ഇ-മെയിൽ ഐ.ഡി എന്നിവ അതാത് നിയന്ത്രണാധികാരികൾ **<u>23/11/2019, 5 മണിക്ക് മുമ്പായി</u>** ഈ കാര്യാലയത്തിൽ ഇ-മെയിൽ മുഖേന ലഭ്യമാക്കണമെന്ന് ഇതിനാൽ അറിയിക്കുന്നു. സർക്കാർ തലത്തിൽ കൈകാര്യം ചെയ്യപ്പെടുന്ന വിഷയമായതിനാൽ, അടിയന്തര പ്രാധാന്യം നൽകി സമയ ക്ലിപ്തത പാലിക്കേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകുന്നു.

വിശ്വസ്തതയോടെ,

**ചീഫ് എഞ്ചിനീയർ**

പകർപ്പ്:-

1. എല്ലാ ജില്ലാ പഞ്ചായത്ത് മേധാവികൾക്ക് (താങ്കളുടെ കാര്യാലയത്തിലെയും, അതിന്റെ കീഴിലുള്ള ബ്ലോക്ക് പഞ്ചായത്തുകളിലെയും 'ഡിപ്പാർട്ട്മെന്റ് യൂസർ' നെ നോമിനേറ്റ് ചെയ്യാൻ നിർദ്ദേശം നൽകേണ്ടതാണ്)
2. ദക്ഷിണ/ഉത്തര മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്ക് (താങ്കളുടെ കാര്യാലയത്തിലെയും, അതിന്റെ കീഴിലുള്ള മുനിസിപ്പാലിറ്റികളിലെയും 'ഡിപ്പാർട്ട്മെന്റ് യൂസർ' നെ നോമിനേറ്റ് ചെയ്യാൻ നിർദ്ദേശം നൽകേണ്ടതാണ്)
3. എല്ലാ കോർപ്പറേഷനുകളിലെയും മേധാവികൾക്ക് (താങ്കളുടെ കാര്യാലയത്തിലെ 'ഡിപ്പാർട്ട്മെന്റ് യൂസർ' നെ നോമിനേറ്റ് ചെയ്യാൻ)
4. ചീഫ് എഞ്ചിനീയർ, കെ.എസ്.ആർ.ആർ.ഡി.എ (താങ്കളുടെ കാര്യാലയത്തിലെയും, അതിന്റെ കീഴിലുള്ള പി.ഐ.യു-കളിലെയും 'ഡിപ്പാർട്ട്മെന്റ് യൂസർ' നെ നോമിനേറ്റ് ചെയ്യാൻ നിർദ്ദേശം നൽകേണ്ടതാണ്)

എൻ.പി/